പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2705 **28-10-2026-ൽ മറുപടിയ്ക്ക്**

നദികളിലെ ജലമലിനീകരണ നിയന്ത്രണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വിവിധ നദികളിൽ വിഷവസ്തുക്കളുടെയും രാസമലിനീകരണത്തിന്റെയും സാന്നിധ്യം വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നദീജലം മലിനമാകുന്നത് തടയുന്നതിനും ജനങ്ങളുടെ ആരോഗ്യവും ജലജീവികളുടെ നിലനിൽപ്പും സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പുഴകളിലെ ജലഗുണനിലവാരം പൊതുവിൽ താഴ്ന്നതാണെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു റിപ്പോർട്ടാണ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ദേശീയ ജലഗുണനിലവാര നിരീക്ഷണ പ്രോഗ്രാമിന്റെ ഭാഗമായി നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ട്. ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡ് (BOD), ഫീക്കൽ കോളീഫാം ബാക്ടീരിയയുടെ അളവ് എന്നിവ പ്രധാന ഘടകങ്ങളായി പരിഗണിച്ചാണ് ഈ പഠനത്തിൽ ജലഗുണനിലവാരം കണക്കാക്കിയിട്ടുള്ളത്.

നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കാറുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ-വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ, 2018 ലെ കേരളാ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും, ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ബി) നദികളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്ഥിരമായ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; പരിശോധനയിൽ അനുവദനീയമായ പരിധിയിൽ കൂടുതലായി വിഷവസ്തുക്കളോ രാസമലിനീകരണമോ ഏതെങ്കിലും നദികളിൽ കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: ജലസേചന വകുപ്പിന് കീഴിൽ നദികളിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിനായി സ്ഥിരമായ നിരീക്ഷണ സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോത് അനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്.

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018 ലെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കാവുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ മാലിന്യമുക്തമാക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇത് പ്രകാരമുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ പ്രവൃത്തികളുടെ ഫലമായി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 21 മലിനമായ നദീഭാഗങ്ങളിൽ 11 മലിനമായ നദീഭാഗങ്ങൾ നീക്കം ചെയ്തതായും പരാമർശിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയ്ക്ക് കീഴിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു സ്റ്റേറ്റ് ലാബും, 14 ജില്ലാ ലാബുകളും 71 ഉപ ജില്ലാ ലാബുകളും പ്രവർത്തിച്ചു വരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ സ്രോതസ്സിൽ നിന്ന് ഉൾപ്പെടെ ശേഖരിച്ച് ജലത്തിന്റെ ഭൗതിക രാസ ജൈവ ഗുണനിലവാരം ലാബിൽ പരിശോധിച്ചു വരുന്നു. കൂടാതെ പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗത്തെ അറിയിക്കുകയും, പരിഹാര നടപടികൾക്കു ശേഷം ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃ പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പുവരുത്തുന്നു. വാട്ടർ അതോറിറ്റി സ്കീമുകളുടെ സ്രോതസ്സിലെ പരിശോധനകളിൽ വിഷവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ല.

(സി) വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, നഗരമാലിന്യങ്ങൾ, കീടനാശിനികൾ തുടങ്ങിയവ നദികളിൽ കലരുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഉറവിടങ്ങൾ തിരിച്ചറിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്. വാണിജ്യ-വ്യവസായ സ്ഥാപനങ്ങളും മറ്റും ജലാശയങ്ങളിലേക്ക് മാലിന്യങ്ങൾ പുറംതള്ളുന്നത് തടയുന്നതിനും അത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നേരിട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) മലിനീകരണം കണ്ടെത്തിയ നദികളിൽ നിന്നുള്ള വെള്ളം കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നത് സംബന്ധിച്ച് മുന്നറിയിപ്പുകൾ നൽകുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: വാട്ടർ സപ്ലൈ സ്കീമുകളിൽ നദിയിൽ നിന്നുള്ള ജലം ആവശ്യമായ ശുദ്ധീകരണം നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത്. ക്വാളിറ്റി കൺട്രോൾ

വിങ്ങിൽ നിന്നും ലഭിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത് മലിനീകരണ നിയന്ത്രണ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ കീഴിൽ വരുന്നതാണ് .

(ഇ) നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിഷവസ്തുക്കളുടെ സാന്നിധ്യം നിയന്ത്രിക്കുന്നതിനും മലിനീകരണത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമായി സമയബന്ധിതമായ കർമപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018 ലെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ മാലിന്യമുക്തമാക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇത് പ്രകാരമുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് നദികളെ മലിനീകരണത്തിന്റെ (BOD-Biological Oxygen Demand in mg/L) അടിസ്ഥാനത്തിൽ 5 ആയി തരം തിരിക്കുന്നു.

Priority I - >30 mg/L

Priority II - 20 mg/L to 30 mg/L

Priority III - 10 mg/L to 20 mg/L

Priority IV - 6 mg/L to 10 mg/L

Priority V - 3 mg/L to 6 mg/L.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും,ജലസേചന വകുപ്പിന്റെയും മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രവർത്തന ഫലമായി ജലഗുണനിലവാരം മെച്ചപ്പെടുത്തിയതിനാൽ താഴെപ്പറയുന്ന 4 നദികളുടെ മൻഗണന താഴ്ന്ന മൻഗണനാ വിഭാഗത്തിലേക്ക് മാറ്റി. കേരളത്തിൽ ഇപ്പോൾ Priority-(I) -ൽ നദികൾ ഇല്ല.

Karamana, at Thiruvananthapuram - Priority III (from Priority-I)

Manimala at Alappuzha - Priority V (from Priority IV)

Pamba at Pathanamthitta Priority V (from Priority IV)

Kadambrayar at Ernakulam -Priority V (from Priority IV)

സി.പി.സി.ബി.യുടെ 2022-ലെ ജല ഗുണനിലവാര റിപ്പോർട്ട് പ്രകാരം, ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കിയ Action Plan പ്രകാരം വിജയകരമായ മലിനീകരണ നിവാരണത്തിലൂടെ 11 മലിനീകൃത നദികളെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ സാധിച്ചു. (Mogral- at Kasaragod, Kuppam, Peruvamba, Ramapuram, Kavvayi- at Kannur, Bharathapuzha, Bhavani- at Palakkad, Kuttiyadi-Kozhikode, Kecheri, Karuvannur, Puzhakkal- at Thrissur) കൂടാതെ, " Polluted River Stretches for Restoration of Water Quality, 2025" എന്ന വിഷയത്തിൽ സി.പി.സി.ബി. തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം, കേരള സംസ്ഥാനത്ത് ആകെ 32 പുതിയ മലിനീകൃത നദീ ഭാഗങ്ങൾ (River Reaches)

കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പുനരിദ്ധാരണത്തിനായി തുടർന്നുള്ള പരിഹാര പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ